# THE BIBLE TRUTH

**Editor**
**P.K. VARGHESE**
000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 28** **September 2014** **No.6**


# എഡിറ്റോറിയൽ

ദുർചിന്തയും ദുർവാസനയും സമുഹത്തിൽ വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. അതിനു മനശാസ്ത്രജ്ഞന്മാർ കണ്ടെത്തുന്ന കാരണങ്ങൾ പലതാണ്. അവർ വളർന്നുവരുന്ന സാഹചര്യങ്ങളും സമ്മർദ്ദങ്ങളും നിമിത്തമാണ് അവരുടെ മനസിലേക്ക് അത്തരം ചിന്തകൾ കടന്നുവരുന്നതെന്നാണ് അവർ പറയുന്നത്. ഏതൊരു നിഷേധ സ്വഭാവവും ഒരു വ്യക്തിയിലേക്ക് വരുവാനുള്ള അടിസ്ഥാനപരമായ കാരണങ്ങളാണ് നാം കണ്ടെത്തേണ്ടത്. ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട മനുഷ്യരിൽ ആരംഭഘട്ടത്തിൽ ദൈവികമായ സ്വഭാവങ്ങളാണ് കാണപ്പെടുന്നത്. എന്നാൽ പിന്നീട് ഒരു ഘട്ടം വരുമ്പോൾ അവരുടെ ചിന്തയും പ്രവൃത്തികളും മാറുന്നു. നന്മയും തിന്മയും തിരിച്ചറിയാവുന്ന പ്രായത്തിലെത്തുമ്പോൾ നന്മക്കു പകരം തിന്മ തിരഞ്ഞെടുത്ത് പരിശീലിക്കുവാൻ ശ്രമിക്കുമ്പോൾ അവർ ആരോടോ വാശിയും വൈരാഗ്യവും പ്രകടമാക്കുന്നതായി നമുക്ക് മനസിലാക്കാം. അത് ഒരുപക്ഷെ അവരുടെ ജീവിതത്തിലെ നിരുൽസാഹപരമായ അനുഭവം കൊണ്ടായിരിക്കാം.

ദൈവനിയമത്തെയും രാജ്യനിയമത്തെയും മാനിക്കുവാനും അനുസരിക്കുവാനും കുട്ടികളെ ബാല്യത്തിൽ പഠിപ്പിക്കണം. മാതാപിതാക്കൾ ആദ്യം അതു പരിശീലിക്കണം. അവരാണ് വീട്ടിൽ കുട്ടികൾക്ക് ആ മാതൃക കാണിച്ചുകൊടുക്കേണ്ടത്. കുട്ടികളുടെ മുൻപിൽ വെച്ച് നിസാരമായ കാര്യങ്ങൾക്ക് വേണ്ടി ശണ്ഠയിടുന്ന മാതാപിതാക്കൾ കുട്ടികളുടെ സ്വഭാവത്തെ അതു ബാധിക്കും എന്നു കണക്കാക്കുന്നില്ല. അതു കണ്ടും കേട്ടും കഴിയുന്ന കുട്ടികൾക്ക് സ്നേഹം എന്താണെന്ന് മനസിലാക്കുവാൻ കഴിയുകയില്ല. അവരുടെ മനസിൽ അങ്ങനെ നിരാശയും

നിഷേധ ഭാവവും ഉടലെടുക്കും. എന്നാൽ കുട്ടികളുടെ മാനസിക വളർച്ച യുടെ എല്ലാ ഘട്ടത്തിലും അവർക്ക് ഉപദേശവും പ്രോൽസാഹനവും ആവശ്യമാണ്. അവർ ലോകത്തിലുള്ള കാര്യങ്ങൾ കൈക്കൊള്ളുന്നതി നാലാണ് പരാജയപ്പെടുന്നത്. പരാജയം അവരെ കൂടുതൽ മോശമായ വിധത്തിൽ ചിന്തിക്കുവാനും പ്രവർത്തിക്കുവാനും പ്രേരിപ്പിക്കും. ഒരു വ്യക്തിയിലെ ക്രിയാത്മകശേഷി നശീകരണവാസനയിൽകൂടെ നശിപ്പി ക്കുവാൻ കഴിയുമെന്ന് പിശാചിനു നന്നായി അറിയാം. അതുകൊണ്ട് മോശമായ ചിന്ത നല്ലതാണെന്ന് ആദ്യം ധരിപ്പിക്കും. പിന്നീട് അതിന്റെ ഫലത്തെ കുറിച്ച് യാതൊരു സംശയവും ജനിപ്പിക്കാതെ മനസിൽ വളർന്നുകഴിഞ്ഞാണ് പ്രവൃത്തിപഥത്തിലെത്തിക്കുന്നത്.

പഴയനിയമത്തിലും പുതിയനിയമത്തിലും ദൈവം മനുഷ്യർക്ക് നൽകിയിരിക്കുന്ന നിർദ്ദേശങ്ങളാണ് നാം നമ്മുടെ ദൈനന്തിനജീവിത ത്തിൽ പാലിക്കേണ്ടത്. ശൈശവപ്രായം മുതൽ കുട്ടികളെ ആത്മിയ സ്വഭാ വത്തിന്റെ ഗുണവശങ്ങളും ദൈവഭക്തിയുടെ പ്രയോജനവും ബോധ്യ പ്പെടുത്തണം. അതോടൊപ്പം നിയമലംഘനത്തിന്റെ അനന്തരഫലങ്ങളും ദൃഷ്ടാന്തസഹിതം അവരെ കാണിച്ചുകൊടുക്കണം. ദൈവവിശ്വാസവും അനുസരണവും ഓരോ വ്യക്തിയെയും ലക്ഷ്യബോധത്തിലേക്ക് നയി ക്കും. ജീവിതത്തിന്റെ മുഖ്യമായ ഉദ്ദേശം അറിഞ്ഞുകഴിഞ്ഞാൽ അവ രുടെ ഉള്ളിൽ ക്രിയാത്മക സ്വഭാവം വളരും. നല്ല പരിശീലനം കൊണ്ട് ജീവിതത്തിൽ നേരിടുന്ന പ്രതികൂലമായ വശങ്ങളെ അതിജീവിക്കുവാൻ നമുക്ക് കഴിയും.

നിങ്ങൾ ദൈവത്തിലും അവന്റെ പുത്രനായ ക്രിസ്തുവിലും അവന്റെ ഉപദേശത്തിലും വിശ്വസിച്ച്, പാപങ്ങളിൽനിന്നു വിട്ടുതിരിഞ്ഞ് യേശുക്രിസ്തു ദൈവപുത്രനാണെന്ന് ഏറ്റുപറഞ്ഞു പാപമോചനത്തി നായി പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനപ്പെടുമ്പോൾ, നിങ്ങളുടെ പാപങ്ങൾ ദൈവം മോചിക്കുകയും നിങ്ങളെ അവൻ തന്റെ സഭയോട് ചേർക്കുകയും ചെയ്യും. പിന്നെ മര ണത്തോളം വിശ്വസ്തമായി ദൈവത്തെ ആരാധിക്കുകയും സേവിക്കു കയും ചെയ്താൽ മനസും ചിന്തയും പ്രവൃത്തിയുമെല്ലാം നേരെയാക്കു വാൻ ദൈവം സഹായിക്കും. പക്ഷെ ദൈവത്തിലുള്ള പൂർണ്ണമായ ഒരാ ശ്രയം വേണം; പിന്തിരിയുകയും ചെയ്യരുത്. നിങ്ങൾ അപ്രകാരം ജീവി ക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. എല്ലാ കുടുംബങ്ങളേയും ദൈവം തന്റെ ഹിതം അറിയിച്ചുകൊണ്ടിരിക്കുന്നു.

# ആത്മ വഞ്ചന

## *J.C.* ചോട്ട്

തെറ്റിനെ ശരിയാണെന്ന് അന്ധമായി സ്വയം ബോദ്ധ്യപ്പെടുത്തുന്നതിനെ നമുക്ക് ആത്മ വഞ്ചന എന്നു പറയാം. എല്ലാ തെളിവുകളും അതു ശരിയല്ല എന്നു തെളിയിക്കുന്നതാണെങ്കിലും ചിലർ വിശ്വസിച്ചിരിക്കുന്നതിൽ തന്നെ പിടിച്ചു തൂങ്ങി നിൽക്കുന്നതു കാണാം. നമുക്ക് താല്പര്യം തോന്നിപ്പിക്കുന്ന എന്തെങ്കിലും നാം പെട്ടെന്ന് വിശ്വസിക്കയും അതു തന്നെ തുടർന്നു കൊണ്ടേയിരിക്കയും ചെയ്യും. എല്ലായിപ്പോഴും ശരിയായതു മാത്രം ചെയ്യുക എന്നതു പ്രയാസമുള്ള കാര്യമാണ്. ഒരുപക്ഷെ ജീവിതാവസാനത്തോളം നമ്മുടെ തെറ്റുകൾ നാം മനസിലാക്കിയില്ലെന്നു വരാം. എന്നാൽ ഒരു കാര്യം തീർച്ചയാണ് അവസാനം നാം ഏർപ്പെട്ടിരിക്കുന്ന അല്ലെങ്കിൽ തിരഞ്ഞെടുത്തിരിക്കുന്ന പ്രവർത്തിയുടെ അനന്തരഫലം വേദനാ ജനകമാണെങ്കിൽ ആ സമയത്തു തെറ്റുകൾ ബോദ്ധ്യപ്പെട്ടെന്നു വരാം. അല്ലെങ്കിൽ തെറ്റായി പോയി എന്നു സമ്മതിച്ചുപോകും. തെറ്റായിപോയി എന്നു സമ്മതിക്കുക എളുപ്പമല്ല. സ്വയമായിപോലും അതിനെ ന്യായീകരിക്കാൻ ശ്രമിക്കും. പക്ഷെ തെറ്റു മനസിലാക്കി ഒരു മാറ്റം ഗുണത്തിനുവേണ്ടി വരുത്തിയാൽ അതിന്റെ പ്രയോജനം ആ വ്യക്തിക്കു അനുഭവിക്കാം. തെറ്റു സമ്മതിക്കാതിരിക്കുമ്പോൾ അതു അനന്തര ഫലത്തെ സങ്കീർണ്ണമാക്കുകയേ ഉള്ളു.

ഈ ആത്മ വഞ്ചനയിൽ നിന്നു നമ്മെ മോചിപ്പിക്കുന്നതിനു സഹായകരവും സുരക്ഷിതവുമായ ഏതാനും കാര്യങ്ങൾ നിർദ്ദേശിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ കാര്യങ്ങൾ നിങ്ങൾ ചെയ്തു കഴിഞ്ഞിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് അതിന്റെ ഫലം തിരിച്ചറിയാം. തെറ്റുകൾ തിരിച്ചറിയാവുന്ന ഘട്ടമെത്തിയാൽ അതു തിരുത്തുവാൻ ശക്തമായ മനസ് ആവശ്യമാണ്. നമ്മൾ ധൈര്യമെന്നു പറയുന്നതാണ് ഇവിടെ ആവശ്യം മറ്റു പല കാര്യങ്ങളും ചെയ്യാൻ ആളുകൾക്കു അത്യധികം ധൈര്യമുണ്ടാകും. പക്ഷെ ഈ ഒരു കാര്യം വരുമ്പോൾ അവരുടെ ശക്തി ചോർന്നു പോകുകയാണോ എന്നു തോന്നിപ്പോകുന്നു.

കർത്താവിന്റെ സഭയിലുള്ള യുവതീയുവാക്കൾ, സഭയ്ക്കു പുറ

ത്തുപോയി വിവാഹം കഴിച്ചാലും കുഴപ്പമൊന്നുമില്ല എന്ന ധാരണയുള്ളവരുണ്ട്. അവർ വിചാരിക്കുന്നതു വിവാഹശേഷം എല്ലാം ശരിയാക്കി എടുക്കാം, അല്ലെങ്കിൽ എല്ലാം നേരെയായിക്കൊള്ളും എന്നാണ്. സന്ദർഭവശാൽ ചിലർ പരിവർത്തനം ചെയ്തു ക്രിസ്തുവിൽ ആയിത്തീർന്നിട്ടുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. ശരാശരി കണക്കെടുത്താൽ ഭൂരിഭാഗം പേർക്കും അതിനു കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല അവരുടെ ജീവിതം ദുസ്സഹമായി തീരുകയാണ് ചെയ്തതു എന്നു പഠനം വ്യക്തമാക്കുന്നു. ക്രിസ്ത്യാനിയായ പങ്കാളി, ക്രിസ്ത്യാനിയായി തീരാത്ത പങ്കാളിയോടൊപ്പം ചലിക്കയോ അല്ലെങ്കിൽ രണ്ടു പേരും മതപരമായ കാര്യങ്ങളിൽ നിന്നു തന്നെ വിട്ടു നിൽക്കുകയോ ചെയ്യേണ്ടി വരുന്നു; അതിനർത്ഥം. ക്രിസ്ത്യാനി നഷ്ടപ്പെടുന്നു; അവന്റെ മക്കളും അവരുടെ മക്കളും അങ്ങനെ തുടർച്ചയായി നഷ്ടപ്പെട്ടവരുടെ പട്ടികയിൽ പെടുന്നു. അനവധി തലമുറകളെ ഇതു ബാധിക്കുകയും ചെയ്യുന്നു. എത്ര ഖേദകരമായ സംഭവമാണിതു എന്നു ഓർമ്മിക്കുക.

ക്രിസ്ത്യാനിയായ യുവാവും യുവതിയും സഭയിൽ നിന്നു തന്നെ വിവാഹം കഴിക്കാൻ തയ്യാറാവണം. അങ്ങനെ ലഭിക്കാതിരുന്നാൽ പുറത്തുള്ളവരെ പരിവർത്തനം ചെയ്തു ലഭിക്കുന്നതുവരെ അവിവാഹിതരായി കഴിയേണ്ടി വന്നാലും അവർക്ക് തീരാദുഃഖം ഒഴിവാക്കാൻ കഴിയും. തല്ക്കാലത്തേക്കുള്ള വിഷമം മാത്രമെ നേരിടേണ്ടി വരികയുള്ള. ഒരു സ്ത്രീക്കോ പുരുഷനോ തന്നെത്താൻ ഇതിനു കഴിയുന്നില്ലെങ്കിൽ സഹ വിശ്വാസികളെ സഹായത്തിനായി ക്ഷണിക്കാവുന്നതാണ്. തെറ്റായ വ്യക്തിയെ വിവാഹം കഴിച്ച് നിത്യ നാശം വരുത്തുന്നതിനേക്കാൾ നല്ലതു വിവാഹം കഴിക്കാതിരിക്കുന്നതാണ്. അതു മൂലം അനേകം പേരുടെ നാശവും ഒഴിവാക്കാവുന്നതാണ്. പലപ്പോഴും വിവാഹം കഴിക്കേണ്ടവർ തങ്ങളുടെ ഭാവിയെക്കുറിച്ചോ ഉത്തമമായതു ഏതു എന്നതിനെ കുറിച്ചോ അധികം ചിന്തിക്കാതെ അവർ വിവാഹത്തിലേക്ക് എടുത്തു ചാടുന്നു. അങ്ങനെ ചെയ്താൽ അനേക തിക്ത ഫലങ്ങൾ പിന്നീട് അനുഭവിക്കേണ്ടിവരും എന്നു ഓർത്തു തയ്യാറാവുക. ഇണയില്ലാ പിണ കൂടരുതു എന്നു ദൈവത്തിന്റെ അരുളപ്പാട് മുന്നറിയിച്ചിരിക്കുന്നു (2കൊരിന്ത്യർ 6:13-18).

ക്രിസ്ത്യാനികളായി തീർന്ന മാതാപിതാക്കൾ തങ്ങളുടെ കുട്ടി

കളെ ബൈബിൾ പഠനത്തിനും ആരാധനക്കും കൊണ്ടുപോകാതെ വീട്ടിലാക്കിയിട്ടു പോകുന്നവർ അവരുടെ ഭാവി ഇരുളടഞ്ഞ അദ്ധ്യായമാക്കി മാറ്റുകയാണ്. കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളാണല്ലോ. അവരെ നഷ്ടപ്പെടുത്തുവാൻ രക്ഷകർത്താക്കൾ കൂട്ടു നിൽക്കുന്നു എന്നതു ദുഃഖകരമായ ഒന്നാണ്. അവർക്കു ശരിയായ മാതൃക കാണിച്ചു കൊടുക്കയോ, ശരിയായ ഉപദേശം നൽകുകയോ ചെയ്യാതെ ആ കുട്ടികൾ വളർന്നു കഴിയുമ്പോൾ അവർ വീടുവിട്ടു പോകയും ആത്മീയമായി അവരുടെ സ്വന്ത വഴിക്കു തിരിയുകയും ചെയ്യും. പിന്നീട് അവരെ നിയന്ത്രിക്കാൻ ശ്രമിക്കുന്നതു പാഴ്‌വേലയായിരിക്കും. കുട്ടികളായിരിക്കുമ്പോഴാണ് അവരെ നിയന്ത്രിക്കയും പരിശീലിപ്പിക്കയും ചെയ്യേണ്ടതു.

നിങ്ങളുടെ കുട്ടികളുടെ ആത്മീയ പരിശീലനത്തിൽ നിങ്ങൾക്ക് ഉത്തരവാദിത്വമില്ല എന്ന് കരുതരുത്. വളർന്നു വലുതാകുമ്പോൾ മാതാപിതാക്കളെ അനുസരിക്കയും ബഹുമാനിക്കയും ദൈവത്തെ വിശ്വസിച്ച് അനുസരിച്ച് ആരാധിച്ചു ജീവിക്കണം എന്നുണ്ടെങ്കിൽ ബാല്യത്തിൽ തന്നെ നിങ്ങൾ അവരെ ആ ശീലത്തിൽ വളർത്തണം. കർത്താവിന്റെ പത്ഥ്യോപദേശത്തിലും ശിക്ഷണത്തിലും വേണം കുട്ടികളെ വളർത്തുവാൻ എന്നു തിരുവെഴുത്തു നമ്മെ പ്രബോധിപ്പിക്കുന്നു (എഫെസ്യർ 6:5).

യുവാക്കളായ പ്രായപൂർത്തിയെത്തിയവർ തങ്ങളെ തന്നെ വഞ്ചിക്കരുതു. എങ്ങനെ എന്നാൽ അവർ വിചാരിക്കുന്നതു അവർക്കു ധാരാളം സമയവും കാലവും ഒക്കെ ഉണ്ട്. അതുകൊണ്ട് അവരുടെ വീക്ഷണത്തിലെ പ്രാമുഖ്യ കാര്യങ്ങളിലേക്ക് അവർ തിരിയുന്നു. ഉദാഹരണമായി പറഞ്ഞാൽ വിദ്യാഭ്യാസം, ജോലി, വിവാഹം, കുടുംബം, ജോലികയറ്റം, വരുമാന വർദ്ധനവ് എന്നീ കാര്യങ്ങളിൽ അവർ അതീവ ശ്രദ്ധാലുക്കളായി മാറുന്നു. മറ്റെന്തിനേക്കാളും ഈ കാര്യങ്ങൾക്കാണ് അവർ മുൻഗണന കൊടുക്കുന്നതു. ദൈവത്തോടു അടുക്കുവാൻ ഇനിയും സമയമുണ്ടല്ലോ എന്ന ചിന്തയാൽ ചിലർ ദൈവത്തെ പൂർണമായി ഉപേക്ഷിക്കും. വേറെ ചിലർ ഞായറാഴ്ച്ച ആരാധനയ്ക്കുമാത്രം പോകുന്നതിൽ അവർ ഒതുങ്ങി നിൽക്കും. കുടുംബത്തെ ഉപേക്ഷിക്കുന്നവരും ഇല്ലാതില്ല. അദ്ധ്വാനിക്കുവാൻ ആരോഗ്യമുള്ളപ്പോൾ ആവുന്നത്ര പണമുണ്ടാക്കാൻ

പാടുപെടുകയാണ് അവർ. ഭൗതികമായി ഉയർന്ന ജീവിത നിലവാരത്തെ സ്വപ്നം കാണുന്ന ഇവർക്കു മറ്റൊന്നിനെ കുറിച്ചും വിചാരമില്ല.

വീട്, സ്ക്കൂട്ടർ, കാർ, ആധുനികമായ ദൃശ്യശ്രവണ ഉപകരണങ്ങളും അവർക്ക് സ്വന്തമാക്കാൻ മോഹം ജനിക്കുകയാണ്. റ്റിവി. വീഡിയോ, ടേപ്പ് റെക്കോർഡർ, വസ്ത്രങ്ങൾ തുടങ്ങിയവയിൽ അവർ പ്രമോദം കണ്ടെത്താൻ ശ്രമിക്കുന്നു. സമയം എത്ര വേഗത്തിലാണു പോകുന്നതു എന്നു അവർ അറിയുന്നില്ല. അവരുടെ മക്കൾ എത്ര വേഗത്തിലാണ് വളരുന്നത് എന്ന് അവർക്കു ചിന്തിക്കാൻ കഴിയുന്നില്ല. ആത്മീയമായി അവർക്കു നഷ്ടപ്പെടുന്നതെന്താണെന്നും അവർ ആലോചിക്കുന്നില്ല. കുട്ടികളുടെ ആത്മാക്കളെയും അവർ പരിഗണിക്കുന്നില്ല. അവസാനം അവരുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ആത്മീയമായ ജീവൻ നഷ്ടപ്പെടുന്നു എന്നതു യാഥാർത്ഥ്യമാണ്. അവരുടെ കുടുംബത്തിലെ അംഗങ്ങൾ മൊത്തമായി നഷ്ടപ്പെട്ടവരുടെ ഗണത്തിലേക്കു തള്ളപ്പെടും എന്നതു അവർ മറന്നുകളയുന്നു. ഭൗതിക താല്പര്യങ്ങളിൽ ഭ്രമം പുലർത്തുന്നതു മൗഢ്യമാണെന്നു പിന്നീട് അതു നഷ്ടമാകുമ്പോൾ മാത്രമാണ് അവർ തിരിച്ചറിയുന്നതു.

നിങ്ങൾ ഈ രീതിയിലുള്ള ജീവിത ശൈലിയാണ് പിൻപറ്റുന്നതെങ്കിൽ ഇതു വായിക്കുന്ന നിങ്ങൾ ദയവായി തെറ്റിനിരയായി തീരാതിരിക്കുക. ഈ വഞ്ചനയിൽ നിങ്ങൾ കുടുങ്ങാതിരിക്കുവാനാണ് ഞങ്ങളുടെ അപേക്ഷ. നിങ്ങൾക്കു സാദ്ധ്യതയുള്ളപ്പോൾ ഇപ്പോൾ സഞ്ചരിക്കുന്ന ദിശക്കു മാറ്റം വരുത്തി ജീവിതത്തിൽ അർത്ഥവത്തായതും പ്രാധാന്യമർഹിക്കുന്നതുമായ കാര്യങ്ങളെ പരിഗണിക്കണമെന്നാണ് ഞാൻ നിങ്ങളോടു യാചിക്കുന്നത്. എന്നാൽ നിങ്ങൾ കഠിനപ്പെട്ട് നിങ്ങളുടെ ലൗകിക ചിന്താഗതികളിൽ ഊന്നി നിങ്ങൾ ജീവിതം നയിക്കാനാണ് ഇനിയും ആഗ്രഹിക്കുന്നതെങ്കിൽ നഷ്ടം നിങ്ങൾക്കു മാത്രമായിരിക്കും. മറിച്ച് നിങ്ങൾ നിങ്ങളുടേയും കുടുംബത്തിന്റേയും ആത്മീയ ക്ഷേമത്തെ ലാക്കാക്കി പ്രവർത്തിക്കാൻ ഒരുങ്ങി ദൈവത്തിനു പ്രഥമ സ്ഥാനം കൊടുത്തു ജീവിക്കാൻ തയ്യാറാകുമെങ്കിൽ ആ തീരുമാനം ബുദ്ധിപരമായ ഒന്നായിരിക്കും. അതിന്റെ അർത്ഥം നിങ്ങൾ തീവ്രമായ മറ്റൊന്നിലേക്ക് തിരിയണ

മെന്നല്ല. നിങ്ങൾക്ക് ജോലി ചെയ്യാം, കുടുംബത്തിനായി കരുതാം. എന്നാൽ പരസ്പര പൂരകങ്ങളായി ആത്മാവും ശരീരവും നീങ്ങണം എന്നു ചുരുക്കം. നിയന്ത്രിതമായ ജീവിതം ഈ ലോകത്തിൽ നയിക്കുന്നതു മറ്റൊന്നിനെ ലാക്കാക്കിയായിരിക്കണം (1 യോഹന്നാൻ 2:15-17).

*

# ദൈവം തന്റെ സിംഹാസനത്തിൽ ഇരിക്കുന്നു

## ഡാൽട്ടൺ. കെ

നാം സേവിക്കുന്ന ദൈവം, ആഴമേറിയ വിശ്വാസത്താൽ ആദരിക്കപ്പെടേണ്ടവനും ആഗ്രഹിക്കത്തക്ക യോഗ്യതകളുള്ള ആത്മീകനും, അത്രേ. നമ്മുടെ സ്നേഹിതൻ എന്ന നിലയിൽ അവനെ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിസാരമെന്നവണ്ണം അല്ലെങ്കിൽ ഹാസ്യത്തിലെന്നവണ്ണം കരുതേണ്ട വ്യക്തിയല്ല ദൈവം. അബ്രഹാമിനെ ദൈവം തന്റെ സ്നേഹിതൻ എന്നു വിളിച്ചിട്ടുണ്ട് (യെശയ്യാവ് 41:8). അതിന്റെ കാരണം പുതിയനിയമത്തിൽ വിവരിക്കുന്നുണ്ട്. അബ്രഹാം ദൈവത്തെ വിശ്വസിക്കുകയും അതു അവന്നു നീതിയായി കണക്കിടുകയും ചെയ്തു എന്നുള്ള തിരുവെഴുത്തു നിവൃത്തിയായി അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു പേർ പ്രാപിച്ചു (യാക്കോബ് 2:23). ദൈവത്തിന്റെ സിംഹാസനം എന്നേക്കും ഉള്ളതാകുന്നു (സങ്കീർത്തനങ്ങൾ 45:6). നമ്മുടെ വഴികളേക്കാൾ ഉയർന്നതാണ് ദൈവത്തിന്റെ വഴികൾ (യെശയ്യാവ് 55:9). മരിച്ചവർ ആബാലവൃദ്ധം സിംഹാസനത്തിൻ മുമ്പിൽ ന്യായവിസ്താരത്തിനായി നില്ക്കേണ്ടി വരും എന്നു ഓർത്തുകൊള്ളുക (വെളിപ്പാട് 20:21).

സ്വയം ശക്തനായ സ്വർഗ്ഗീയ ദൈവത്തിന്റെ മുമ്പിൽ സ്വന്ത പ്രവൃത്തികളുടെ യോഗ്യത വെച്ചുകൊണ്ടു നിൽക്കാവുന്നതല്ല. ദൈവത്തിന്റെ മാഹാത്മ്യത്തിൽ നിന്നും അണുവിടപോലും മാറാവുന്നവനല്ല അവൻ. നമ്മുടെ ആദരവും ബഹുമാനവും അർഹിക്കു

ന്നവനാണ് ദൈവം. അതുകൊണ്ട് അവന്നു സ്വീകാര്യമായ രീതിയിൽ വേണം ദൈവഭക്തിയോടെ അവനെ സേവിക്കുവാൻ. "ആകയാൽ ഇളകാത്ത രാജ്യം പ്രാപിക്കുന്നതു കൊണ്ട് നാം നന്ദിയുള്ളവരായി ദൈവത്തിന്നു പ്രസാദം വരുമാറ് ഭക്തിയോടും ഭയത്തോടും കൂടെ സേവ ചെയ്ക. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ (എബ്രായർ 12:28-29). മതപരമായ ആദ്യ മൂലകമാണ് ഭക്തി എന്നു പറയാം ദൈവത്തെ ബഹുമാനിക്കയും സ്തുതിക്കയും ചെയ്യുന്നതിൽ ആർക്കും ഒഴിവു കഴിവില്ല എന്നതും പ്രസ്താവ്യമത്രെ.

അതിലധികമായി നമ്മുടെ പരസ്യമായ ആരാധന ദൈവത്തോടുള്ള ആദരവിന്റേയും ബഹുമാനത്തിന്റേയും സൂചനയാണ്. വിശുദ്ധന്മാർ കൂടി വരുമ്പോൾ ദൈവത്തോടുള്ള അവരുടെ ഭയവും ഭക്തിയുമാണ് പ്രകടിപ്പിക്കുന്നത്. "ദൈവം വിശുദ്ധന്മാരുടെ സംഘത്തിൽ ഏറ്റവും ഭയങ്കരവും അവന്റെ ചുറ്റുമുള്ള എല്ലാവർക്കും മീതെ ഭയപ്പെടുവാൻ യോഗ്യനും ആകുന്നു" (സങ്കീർത്തനങ്ങൾ 89:7). ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ സത്യത്തിലും ആത്മാവിലും നമസ്കരിക്കണം (യോഹന്നാൻ 4:24).

ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിൽ കർത്താവിന്റെ കല്പനപ്രകാരം ദൈവത്തെ ആരാധിക്കുവാൻ കൂടിവരുന്നവർ ശ്രദ്ധിക്കേണ്ടത്: അതു ഒരു ചടങ്ങല്ല, ആചാരമല്ല, ഉത്സവമല്ല എന്നത്രേ. ഒരു ഡോക്ടറെ സന്ദർശിക്കുന്ന ലാഘവത്തോടെയാകരുത്, മറിച്ച് യാഥാർത്ഥ്യ ബോധത്തോടെ ദൈവത്തിനു ഹൃദയം തുറന്നു നന്ദിയും സ്തുതിയും ആദരവും പ്രദർശിപ്പിക്കുന്ന ഒന്നായിരിക്കണം അത്. ജീവനുള്ള ആരാധനയായിരിക്കണം ഒരു ക്രിസ്ത്യാനിയുടേത്. ഞായറാഴ്ച ദിവസം രാവിലെയായാലും വൈകുന്നേരം ആയാലും ശരി സ്ഥലം ചെറുതോ വലുതോ ആയാലും ശരി, കൂടിവരുന്ന ആളുകളുടെ നിലവാരം എന്തായാലും ശരി ദൈവത്തെ പ്രസാദിപ്പിക്കുവാൻ വരുന്ന ഓരോരുത്തരും ദൈവത്തിനു ഹൃദയത്തിൽ സ്ഥാനം കൊടുക്കണം. പാട്ടു പാടുമ്പോഴും, പ്രാർത്ഥിക്കുമ്പോഴും, ദൈവത്തിന്റെ അരുളപ്പാട് പ്രസ്താവിക്കുമ്പോഴും, കർത്തൃമേശയിൽ നിന്നു ഭക്ഷിക്കയും പാനം ചെയ്യുകയും ധർമ്മശേഖരം നൽകുകയും ചെയ്യുമ്പോൾ, നാം ചെയ്യുന്നതിന്റെ പ്രാധാന്യം മനസിലാക്കിവേണം അതു നടത്തുവാൻ.

സ്വീകാര്യമായ ആരാധനയും വ്യർത്ഥമായ ആരാധനയും തമ്മിലുള്ള വ്യത്യാസം നാം അറിഞ്ഞിരിക്കണം. മനുഷ്യരുടെ സിദ്ധാന്ത പ്രകാരം ദൈവത്തെ ആദരിക്കുന്നതും വെറുതെയാണ്. മനസിന്റെ തൃപ്തിയെക്കാൾ വലുത് ചെയ്യുന്നതുകൊണ്ട് ഫലം ഉണ്ടാകുന്നതാണ്. മനുഷ്യരെ സമ്മതിപ്പിക്കുന്ന ആരാധന, അല്ലെങ്കിൽ ഒരു സമുദായത്തെ പ്രീതിപ്പെടുത്തുന്നതായാലും അതു അർത്ഥശൂന്യമാണ്. മനുഷ്യരിൽ ഭൂരിഭാഗവും തെറ്റു ശരിയാണെന്നു വിശ്വസിച്ചുകൊണ്ട് ആത്മാർത്ഥമായി ദൈവത്തെ ആരാധിക്കുന്നു. പക്ഷെ അതും പ്രയോജനമില്ലാത്തതാണ്. പ്രയോജനപ്പെടുന്ന ഒരേ ഒരു ആരാധന ദൈവേഷ്ടപ്രകാരമുള്ള ആരാധനയാണ്. എന്നു പറഞ്ഞാൽ ദൈവം വെളിപ്പെടുത്തിയിരിക്കുന്ന സത്യത്തിൽ രേഖപ്പെടുത്തിയ രീതിയിൽ വേണം എന്നർത്ഥം. അതിനോടു കൂട്ടുവാനോ കുറയ്ക്കുവാനോ നാം തുനിയരുത്. ദൈവ വ്യവസ്ഥക്കു മാറ്റം വരുത്തുവാൻ മനുഷ്യർക്കു അനുവാദമില്ല. ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള രീതിയിൽ ദൈവത്തെ ആരാധിക്കയാണ് വേണ്ടത്.

ദൈവാരാധനയുടെ പേരിൽ ഇന്നു നടക്കുന്ന നിരവധി പ്രവർത്തികൾ ദൈവഹിതത്തിനു വിപരീതമാണ്. നരബലി കഴിച്ച് ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നവരുണ്ട്. ജീവനില്ലാത്ത കല്ലും മരവും ലോഹവും ഉപയോഗിച്ച് ദൈവമെന്നു കരുതി വണങ്ങുന്നവരുണ്ട്. മനുഷ്യരൂപത്തിൽ ദൈവത്തെ വാർത്തു, രൂപപ്പെടുത്തി വണങ്ങുന്നവരുണ്ട്. ദൈവം വെറുക്കുന്ന ഒന്നാണത്. യാതൊന്നിന്റേയും വിഗ്രഹം ഉണ്ടാക്കരുത്, അവയെ നമസ്കരിക്കയോ ചെയ്യരുത് എന്ന് ദൈവം വിലക്കിയിരിക്കുന്നു. ദൈവത്തിനു കൊടുക്കേണ്ട ആദരവും ബഹുമാനവും മറ്റൊരുവസ്തുവിനോ മനുഷ്യനോ നൽകരുത്. നിന്റെ ദൈവമായ കർത്താവിനെ നമസ്കരിച്ച് അവനെ മാത്രമെ ആരാധിക്കാവു എന്നു എഴുതിയിരിക്കുന്നുവല്ലോ (മത്തായി 4:10). ദൈവത്തെ സന്തോഷിപ്പിക്കുവാൻ ചെയ്യുന്ന പ്രവർത്തിയാൽ ദൈവം വെറുക്കപ്പെടുവാൻ ഇടയാകരുത്. ലോകപ്രകാരമുള്ള ജ്ഞാനത്താൽ മനുഷ്യർ ദൈവത്തെ പ്രസാദിപ്പിക്കാൻ ശ്രമിക്കുന്നതു മൗഢ്യമാണ്. സകലതും ഉചിതവും, ക്രമവും, ചിട്ടയായും നടക്കട്ടെ (1 കൊരിന്ത്യർ 14:40).

ആരാധനക്കു കൂടിവരുമ്പോൾ, തമ്മിൽ തമ്മിൽ സ്വകാര്യം പറ

ഞ്ഞുകൊണ്ടിരിക്കയോ, പ്രാർത്ഥന നയിക്കുന്ന ആൾ പ്രാർത്ഥിക്കുമ്പോൾ ശബ്ദം പുറപ്പെടുവിക്കയോ പ്രാർത്ഥനയിൽ പങ്കുചേരാതിരിക്കയോ അരുത്. പാട്ടുപാടുമ്പോൾ കൈ അടിച്ചു ശബ്ദമുണ്ടാക്കുന്നതും അനുചിതമാകും. ഹൃദയത്തിൽ പാട്ടു പാടുന്ന വ്യക്തികൾക്കു അതു ഇടർച്ചയാകും. ഗാനത്തിന്റെ അർത്ഥത്തിനു പ്രാധാന്യം കൊടുക്കുക. ഉപദേഷ്ടാവിന്റെ പ്രസംഗത്തെ അനുമോദിച്ചുകൊണ്ട് പ്രോത്സാഹിപ്പിക്കുന്ന ശബ്ദങ്ങൾ ഒഴിവാക്കണം. അവരെ പ്രോത്സാഹിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർ ആരാധനക്കു ശേഷം സ്വകാര്യമായി അവരെ പ്രശംസിക്കുക. ദൈവം അംഗീകരിക്കുന്നതു ദൈവേഷ്ടത്തെ മാനിക്കുന്ന ആരാധനയാണ്.

*

# "നിന്റെ അമ്മയെ ബഹുമാനിക്ക"

## ഡേവിഡ് വെയിഡ്

കുടുംബ കലഹവും ഛിദ്രവാസനയും വർദ്ധിച്ചു വരുന്ന ഈ കാലയളവിൽ അതിനുള്ള പരിഹാരം ബൈബിൾ ഉപദേശം അനുസരിക്കുക എന്നതു മാത്രമാണ്. ദൈവേഷ്ടത്താൽ വിളിക്കുന്ന എല്ലാവർക്കും ചുമതലകൾ ഉണ്ട്. ക്രിസ്തീയ മാതൃത്വത്തെ മാനിക്കുന്നവരായിരിക്കണം ഓരോ ദൈവ പൈതലും. സ്നേഹിക്കുന്ന ഭർത്താവു, ഭാര്യ, ദൈവ ഭക്തിയുള്ള മാതാപിതാക്കൾ, അനുസരണമുള്ള കുട്ടികൾ എന്നിവയെല്ലാം ദൈവം നോക്കി കാണാൻ ആഗ്രഹിക്കുന്നു. എന്നാൽ അതു സമൂഹത്തിൽ ഇന്നു അന്യമായിക്കൊണ്ടിരിക്കയാണ്. ഭവനത്തിന്നു വേണ്ടി ദൈവം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതി ശരിയായി നിറവേറ്റേണ്ട കടമ ക്രിസ്തീയ അമ്മമാരിലാണ് ഉള്ളത്. അതിൽ നിന്നു അവർക്കു ഒഴിഞ്ഞു മാറാവുന്നതല്ല.

ക്രിസ്തീയ ഭാര്യയായിട്ടും അമ്മയായിട്ടും നിങ്ങൾക്കു ദൈവം തരുന്ന പങ്ക് നിങ്ങൾ ദൈവത്തിന്റെ വിളിയെ സ്വീകരിച്ചിരിക്കുന്നതുകൊണ്ട് എന്താണ് പ്രതീക്ഷിക്കുന്നതെന്ന് അറിയണ്ടേ? മറ്റൊരു മനുഷ്യ ജീവിയെ ഉല്പാദിപ്പിക്കുവാനുള്ള ശക്തി ദൈവമാണ് നിങ്ങൾക്കു നൽകിയത്. കയീൻ ജനിച്ചപ്പോൾ ഹവ്വ പറഞ്ഞതു

നോക്കു: "അനന്തരം മനുഷ്യൻ തന്റെ ഭാര്യയായ ഹവ്വയെ പരിഗ്രഹിച്ചു. അവൾ ഗർഭം ധരിച്ചു കയീനെ പ്രസവിച്ചു. യഹോവയാൽ എനിക്കു ഒരു പുരുഷ പ്രജ ലഭിച്ചു എന്നാണ്" (ഉല്പത്തി 4:1). ഒരമ്മയുടെ പ്രസവ സമയത്തുള്ള വേദനയും പിന്നീടുണ്ടാകുന്ന സന്തോഷവും യേശുക്രിസ്തു ചിത്രീകരിച്ചിട്ടുണ്ട്. "സ്ത്രീ പ്രസവിക്കുമ്പോൾ തന്റെ നാഴിക വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ട്. കുഞ്ഞിനെ പ്രസവിച്ച ശേഷമോ ഒരു മനുഷ്യൻ ലോകത്തിലേക്കു പിറന്നിരിക്കുന്ന സന്തോഷം നിമിത്തം അവൾ തന്റെ കഷ്ടം പിന്നെ ഓർക്കുന്നില്ല. അങ്ങനെ നിങ്ങൾക്കു ഇപ്പോൾ ദുഃഖം ഉണ്ട് എങ്കിലും ഞാൻ പിന്നെയും നിങ്ങളെ കാണും നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ സന്തോഷം ആരും നിങ്ങളിൽ നിന്നു എടുത്തുകളകയില്ല" (യോഹന്നാൻ 16:21, 22).

ഒരു സ്ത്രീ ഗർഭം ധരിക്കുമ്പോൾ ഒരു കുഞ്ഞിന്റെ ആത്മാവിനെയാണ് അവളുടെ ഗർഭപാത്രത്തിൽ ദൈവം ഉരുവാക്കുന്നത്. അവൾ കുട്ടിയെ പ്രസവിക്കുമ്പോൾ ദൈവത്തിന്റെ അത്ഭുതകരമായ പ്രവൃത്തിയിൽ അവൾ പങ്കാളിയാവുന്നു. അല്ലെങ്കിൽ ദൈവത്തിന്റെ പ്രവൃത്തിയിൽ അവൾ സഹകരിക്കുന്നുവെന്നു മാത്രം. തന്റെ ഈ ഭൂമിയിലേക്കുള്ള ആവിർഭാവത്തെ ദാവീദ് വിവരിക്കുന്നുണ്ട്. "നീയല്ലോ എന്റെ അന്തർഭാഗങ്ങളെ നിർമ്മിച്ചത്. എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു. നിന്റെ പ്രവൃത്തികൾ അത്ഭുതകരമാകുന്നു; അതു എന്റെ ഉള്ളം നന്നായി അറിയുന്നു" (സങ്കീർത്തനങ്ങൾ 139:13,14). ദൈവത്തിന്റെ സൃഷ്ടിപ്പിൽ നാം വെറുമൊരു പാത്രം പോലെയാണ് എന്ന കാര്യം മറക്കരുത്.

സ്ത്രീകൾ വീട്ടിന്നു പുറത്തു പല കാര്യങ്ങൾ ചെയ്യുന്നുണ്ട്. വിവിധ തുറകളിൽ അവരുടെ കഴിവുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഏറ്റവും വലിയ ഭാഗ്യമാണ് ക്രിസ്തീയ മാതാപിതാക്കൾ ആകുക എന്നത്. വെറും മാതാപിതാക്കളാകുന്നവർ ധാരാളമുണ്ട്. അവർ അവരുടെ ജീവിതത്തിന്റെ ഉദ്ദേശം വാസ്തവമായി ഗ്രഹിക്കാത്തവരാണ്. പക്ഷെ ക്രിസ്തുവിലായി തീർന്നവർ വ്യത്യസ്തരായിരിക്കണം. ദൈവ പദ്ധതിക്കായി വിളിച്ചിരിക്കുന്ന ഒരു സ്ത്രീയുടെ

ദൗത്യം അവൾ തന്നെ നിർവ്വഹിക്കണം. അതു മറ്റാർക്കും ചെയ്യാവുന്നതല്ല. മക്കളോടുള്ള ഉത്തരവാദിത്വങ്ങളേക്കാൾ ഉയർന്ന ഒന്നാണ് അവർക്കു തന്റെ ഭർത്താവിനോടുള്ളത്. അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോട് പറ്റിച്ചേരുന്ന ഭർത്താവാണ്; ഭാര്യയാണ് അവർ (ഉൽപത്തി 2:24; മത്തായി 19:5-6). അത്തരത്തിലുള്ള ഒരു കുടുംബമാണ് പണിയപ്പെടേണ്ടത്. വിവാഹബന്ധം സ്നേഹത്തിൽ, ഭദ്രതയിൽ ഊട്ടിയുറപ്പിച്ച ഭാര്യാ ഭർത്താക്കന്മാർക്കു ജനിക്കുന്ന കുട്ടികളും സ്നേഹവും ഭദ്രതയും അനുഭവിക്കും. അല്ലാത്ത കുടുംബങ്ങളിൽ ഇതു രണ്ടും പ്രതീക്ഷിക്കാവുന്നതല്ല.

ഭാര്യയായും അമ്മയായും തീരുന്ന സ്ത്രീ ക്രിസ്ത്യാനിയാണെങ്കിൽ അവളുടെ കുടുംബത്തെ ഒരു ക്രിസ്തീയ കുടുംബമാക്കി നിലനിർത്തുകയായിരിക്കും അവളുടെ പ്രഥമ കർത്തവ്യം. വീടിന്റെ വിളക്കാണ് സ്ത്രീകൾ എന്നു പറഞ്ഞു കേട്ടിട്ടില്ലേ. തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നത്: ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധവും പാതിവ്രത്യവുമുള്ളവരും വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക (തീത്തൊസ് 2:4,5). പൊലൊസ് തന്റെ ലേഖനത്തിൽ ഇവ്വണ്ണം പറയുന്നു: ആകയാൽ ഇളയവർ വിവാഹം കഴിക്കയും പുത്രസമ്പത്തുണ്ടാക്കുകയും ഭവനം രക്ഷിക്കയും വിരോധിക്കു അപവാദത്തിന്നു അവസരം ഒന്നും കൊടുക്കാതിരിക്കയും വേണം എന്നു ഞാൻ ഇച്ഛിക്കുന്നു (1 തിമൊഥെയോസ് 5:14).

ഒരു നല്ല ഭാര്യയും അമ്മയും ധാർമ്മികവും മതപരവുമായി ദൈവനീതിയനുസരിച്ചു ജീവിക്കും. വീട്ടിനുള്ളിലും പുറത്തും അവളുടെ സാന്നിദ്ധ്യം അഭിമാനകരമായിരിക്കും. പ്രശംസനീയമായ പെരുമാറ്റവും ജീവിതവും നയിക്കുന്ന സ്ത്രീയെ സമൂഹം ബഹുമാനിക്കുക തന്നെ ചെയ്യും. “സാമർത്ഥ്യമുള്ള ഭാര്യയെ ആർക്കും കിട്ടും?” അവളുടെ വില മുത്തുകളിലും ഏറും. വീട്ടുകാരുടെ പെരുമാറ്റം അവൾ സൂക്ഷിച്ചു നോക്കുന്നു. വെറുതെ ഇരുന്നു അഹോവൃത്തി കഴിക്കുന്നില്ല. അവളുടെ മക്കൾ എഴുന്നേറ്റു അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു; അവളുടെ ഭർത്താവും അവളെ പ്രശംസി

ക്കുന്നു. അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്. നീ അവരെല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു (സദൃശവാക്യങ്ങൾ 31:10, 27-29).

മറ്റൊരു ഭാരമുള്ള ഉത്തരവാദിത്വം അവൾക്കു അമ്മയാകുന്ന തോടെ കിട്ടുന്നുണ്ട്. അതായത് അവളുടെ കുട്ടിയുടെ ആദ്യത്തെ അദ്ധ്യാപികയായി അവൾ തീരുന്നു. യുവാവായ തിമൊഥെയോസ് വിശുദ്ധ വചനങ്ങൾ ഗ്രഹിച്ചത് അവന്റെ അമ്മയിൽ നിന്നും വല്ല്യമ്മയിൽ നിന്നും ആണ്. നിർവ്യാജ വിശ്വാസത്തിന്റെ ഉടമയായിരുന്നു തിമൊഥെയോസ്. ആ വിശ്വാസം അവന്റെ അമ്മയിലും വല്ല്യമ്മയിലും ഉണ്ടായിരുന്നു (2 തിമൊഥെയോസ് 1:5). അവൻ പഠിച്ചും നിശ്ചയം പ്രാപിച്ചതുമായ ഉപദേശത്തിൽ നിലനിന്നു. ജ്ഞാനവും ദയയും നാവിന്മേൽ ഉണ്ടായിരിക്കണം. വിവേകത്തോടെയുള്ള സംസാരവും സമീപനവും ഉള്ള ഏതൊരു സ്ത്രീയും മറ്റുള്ളവരെ വെറുപ്പിക്കുകയില്ല. ആത്മാവിന്റെ താക്കോൽ പിടിച്ചിരിക്കുന്ന ഓരാളാണ് ക്രിസ്തീയ ഭാര്യയും അമ്മയും. കുട്ടികൾക്കു അവൾ കൊടുക്കുന്ന ജ്ഞാനവും ദയയും നാവിന്മേൽ ഉണ്ടായിരിക്കണം. സ്ത്രീയുടെ വില ഓരോ കുടുംബത്തിനും പ്രയോജനപ്പെടുന്നത് അവൾ നിസ്വാർത്ഥ ത്യാഗം ആയി തീരുമ്പോഴാണ്. കുഞ്ഞുങ്ങൾക്ക് ആദ്യം അറിവ് പകർന്നു കോടുക്കുന്നതിനാൽ അവൾ നല്ല ഒരു പാഠശാലയായിരിക്കണം.

✶

# പ്രസംഗത്തിന്റെ ആവശ്യത്തെ ബൈബിൾ സംസാരിക്കുന്നു.

## ബ്രിൽബ്രൗൺ

നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ; വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവനോ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15). ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്ക

കൊണ്ട് വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിനു പ്രസാദം തോന്നി. ദൈവത്തിന്റെ ഭോഷത്വം മനുഷ്യരേക്കാൾ ജ്ഞാനം ഏറിയതും ദൈവത്തിന്റെ ബലഹീനത മനുഷ്യരേക്കാൾ ബലമേറിയതും ആകുന്നു (1 കൊരിന്ത്യർ 1:21, 24). സുവിശേഷം എന്ന സത്യവചനം പ്രസംഗിക്കുക എന്നതു ശ്രമകരമായ ഒരു ജോലിതന്നേ. അതു ശ്രേഷ്ഠമായ ഉത്തരവാദിത്വവും നേട്ടവുമാണ്. ഈ വെളിച്ചത്തിന്റേയും ജീവന്റേയും ദൂത് ഇരുളിൽ വസിക്കുന്ന ആളുകളിലെത്തിക്കുക എന്നതാണ് കർത്തവ്യം. ഈ ഗൗരവമേറിയ പ്രയത്നം മനുഷ്യ കരങ്ങളിൽ ആണ് ഭരമേൽപ്പിച്ചിരിക്കുന്നതു. പൗലോസിനെ തിരഞ്ഞെടുത്തതിന്റെ ഉദ്ദേശം വ്യക്തമാക്കുന്നതു നോക്കുക. “അവർക്കു പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിനു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽ നിന്നും വെളിച്ചത്തിലേക്ക് സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കു തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു (പ്രവൃത്തികൾ 26:18).

കർത്താവിനു പ്രസ്താവിക്കാനുണ്ടായിരുന്നതു തീർന്നശേഷം ആണ് ഈ സുവിശേഷീകരണ ദൗത്യം മനുഷ്യരിൽ ഏർപ്പെടുത്തുന്നതു. അധികാരിയായിട്ടാണ് അവൻ നിർദ്ദേശിക്കുന്നതു. യേശു അടുത്തു ചെന്നു സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതു ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം നിങ്ങളോടുകൂടെ ഉണ്ട് എന്നു അരുളിച്ചെയ്തു (മത്തായി 28:18-20). ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ അദ്ധ്വാനിച്ചിട്ടില്ലാത്തതു കൊയ്യാൻ ഞാൻ നിങ്ങളെ അയക്കുന്നു എന്നും പറയുകയുണ്ടായി (യോഹന്നാൻ 4:35-38). കൊയ്ത്തു വളരെ ഉണ്ട് സത്യം; വേലക്കാരോ ചുരുക്കം.

ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേല ക്കാരെ അയക്കേണ്ടതിനു യാചിപ്പിൻ എന്നു പറഞ്ഞു (മത്തായി 9:37,38).

വേലക്കാർക്ക് പരിശീലനം ആവശ്യമാണ് എന്ന കാര്യത്തിൽ തർക്കമില്ല. ആ പരിശീലനം വീട്ടിൽ നിന്നാണ് തുടങ്ങേണ്ടതു. മാതാ പിതാക്കൾ തങ്ങളുടെ മക്കൾക്ക് ദൈവ വേലയിൽ പരിശീലനം കൊടുക്കാൻ കഴിയണം. അതിനു മാതാപിതാക്കൾ വചനത്തിൽ വിശ്വാസവും ഉറപ്പും പ്രതിഷ്ഠയും സമർപ്പണവും ഉള്ളവരായിരി ക്കണം. അങ്ങനെയുള്ള മാതാപിതാക്കൾക്കേ ശരിയായ പരിശീ ലനം കൊടുക്കാൻ കഴിയു. നഷ്ടപ്പെട്ടവർക്ക് സന്തോഷം പകരുന്ന സന്ദേശം എത്തിക്കുന്ന ജോലിയായതുകൊണ്ട് പ്രത്യേകം പരിശീ ലനം ഇതിനു അത്യന്താപേക്ഷിതമാണ്. കർത്താവിനോടും അവന്റെ സഭയോടും, വചനത്തോടും ആഴമേറിയ സ്നേഹമുള്ളവർക്കേ ഈ കാര്യത്തിൽ താല്പര്യം ഉണ്ടാകു. ക്രിസ്തുവിനായി സമർപ്പിക്കപ്പെട്ട പരിവർത്തനം ചെയ്തവരായിരിക്കണം ഈ ഉത്തരവാദിത്വം നിറ വേറ്റുവാൻ. മറ്റാർക്കും ഇത് ആത്മാർത്ഥമായി ചെയ്യുവാൻ സാദ്ധ്യ മല്ല. പ്രതികൂലമായ ഏത് സാഹചര്യവും നേരിടാൻ തയ്യാറാകണം എന്നർത്ഥം. മരുഭൂമിയോ ത്യാഗമോ. കാഠിന്യമോ, ഏകാന്തതയോ, അനാരോഗ്യമോ, അസൗകര്യമോ, ആശ്വാസമില്ലായ്മയോ എന്തു തന്നെ നേരിട്ടാലും അഭിമുഖീകരിക്കാൻ ഒരുങ്ങിയിരിക്കണം. ആക യാൽ മരണത്തിനോ ജീവനോ ദൂതന്മാർക്കോ വാഴ്ച്ചകൾക്കോ അധി കാരങ്ങൾക്കോ ഇപ്പോഴുള്ളതിനോ വരുവാനുള്ളതിനോ ഉയര ത്തിനോ ആഴത്തിനോ മറ്റു യാതൊരു സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവ സ്നേഹത്തിൽ നിന്നു നമ്മെ വേർപിരിപ്പാൻ കഴികയില്ല എന്നു ഞാൻ ഉറച്ചിരിക്കുന്നു (റോ മർ 8:38,39).

ആളുകൾ പുർണ്ണമായി സമർപ്പിക്കപ്പെടുന്നതും ഏൽപിച്ചു കൊടു ക്കുന്നതും യാദൃശ്ചികമായി സംഭവിക്കുന്ന ഒന്നല്ല. ഇതു നാം അംഗ ങ്ങൾ ആയിരിക്കുന്ന സഭയുടെ ഉദ്ദേശവും ലക്ഷ്യവും ഘടനയും നിലനിൽപും തിരിച്ചറിഞ്ഞു കഴിയുമ്പോൾ മാത്രം ഉണ്ടാകുന്ന ഒന്നാണ് (റോമർ 12:4,5,എഫെസ്യർ 3:10). ജീവിക്കുന്നതു ക്രിസ്തു ആകണം. ഇങ്ങനെ ജീവിക്കുവാൻ തുടങ്ങുമ്പോൾ മറ്റൊന്നും തട

സമായി തീരരുത്. വാസ്തവത്തിൽ ആളുകൾ ദൈവത്തിനായി സമർപ്പിച്ചു കഴിയുമ്പോൾ ജീവിതത്തിലെ മറ്റുകാര്യങ്ങൾ നിസാരമായി തോന്നും (ഗലാത്യർ 2:20). ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നതു ഞാനല്ല; ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു. ഇപ്പോഴോ ഞാൻ ജഡത്തിൽ ജീവിക്കുന്നതോ എന്നെ സ്നേഹിച്ചു എനിക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്ത ദൈവ പുത്രങ്കലുള്ള വിശ്വാസത്താലത്രെ ജീവിക്കുന്നതു.

ദൈവത്തിന്റെ തോട്ടത്തിൽ ദൂരെ മാറി നിൽക്കുന്നവരാണല്ലോ നാം. അതായതു നമുക്ക്ുവേണ്ടി ധാരാളം പ്രവർത്തിക്കുകയും ദൈവത്തിനുവേണ്ടി വളരെ കുറച്ചുമാത്രം പ്രവർത്തിക്കയും ചെയ്യുന്നതു ദൈവസന്നിധിയിൽ നീതിയല്ല. ഈ ലോകത്തുള്ള എല്ലാ ജനങ്ങളിലേക്കും പാപമോചന സന്ദേശം എത്തിക്കണമെന്നാണ് ദൈവത്തിന്റെ ഇച്ഛ. എല്ലാ ദേശക്കാർക്കും ഭാഷക്കാർക്കും ജാതികൾക്കും അതു അനിവാര്യമാണ്. എല്ലാവർക്കും ഈ സന്ദേശം ചുരുങ്ങിയതു ഒരു പ്രാവശ്യമെങ്കിലും കേൾക്കുവാൻ ദൈവം അവസരം ഒരുക്കും. ദൈവത്തിന്റെ ഉദ്ദേശം ആർക്കും മറഞ്ഞിരിക്കയില്ല എന്നർത്ഥം. കർത്താവിന്റെ സഭയിലെ ഓരോ അംഗവും ചെയ്യേണ്ടതായ പ്രവർത്തി ദൈവസേവയാണ്. കേട്ടതും പഠിച്ചതും അനുസരിച്ചതുമായ സത്യമാർഗ്ഗം അറിഞ്ഞിട്ടില്ലാത്തവരെ അറിയിക്കണം. അതിനു ചാതുര്യമില്ല, കഴിവില്ല എന്നൊന്നും പറയരുതു. മനസൊരുക്കവും ആവശ്യകതയും തിരിച്ചറിയാവുന്ന ആർക്കും അടങ്ങിയിരിപ്പാൻ സാദ്ധ്യമല്ല. യഥാർത്ഥ പരിവർത്തനത്തിന്റെ ലക്ഷണം അതായിരിക്കും. നിങ്ങൾ കർത്താവിന്റെ സന്ദേശം കേൾക്കുകയും അനുസരിക്കയും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ ഉടനെ വേണം വീണ്ടും അവസരം കിട്ടിയെന്നു വരികയില്ല. ദൈവം തന്റെ ഇഷ്ടം ചെയ്യുവാനാണ് നമ്മെ ഈ ഭൂമിയിലാക്കിയത് എന്ന തിരിച്ചറിവ് എല്ലാ മനുഷ്യരിലും ഉണ്ടാകണമെന്ന് ദൈവം ഇഛിക്കുന്നു. ആരും നശിച്ചുപോകുന്നത് അവന് ഇഷ്ടമുള്ള കാര്യമല്ല. ദൈവത്തിന്റെ രക്ഷ വചനത്തിൽ വെളിപ്പെടുത്തിയത് നാം അങ്ങനെ അനുസരിക്കണം. കാരണം അവസാന ന്യായവിധി ഈ വചനപ്രകാരമായിരിക്കും.

✶

# ഏതാണ്ടു കുറ്റമുള്ള നിരപരാധി

## ഗ്ലെൻ കോളെ

നിരപരാധിയായ ഒരു വ്യക്തിയെ കുറിച്ചു മത്തായി 19:9–ൽ പ്രതിപാദിക്കുന്നുണ്ട്. "ഞാനോ നിങ്ങളോടു പറയുന്നതു: പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ചു മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു. ഉപേക്ഷിക്കപ്പെട്ടവളെ വിവാഹം കഴിക്കുന്നവനും വഭിചാരം ചെയ്യുന്നു (മത്തായി 19:9). സമൂഹത്തിൽ നടക്കുന്ന ക്രമ വിരുദ്ധമായ ജീവിതങ്ങളെ നാം കണ്ടില്ലെന്നു നടിക്കരുതു. കർത്താവിന്റെ കൽപനയെ അവർ മാനിക്കുന്നില്ല. വചനത്തെ അവർ തള്ളിക്കളഞ്ഞിരിക്കുന്നു.

വ്യഭിചാര കുറ്റത്താൽ വേർ പിരിയപ്പെട്ട നിരപരാധിയായ ഒരാളായിരിക്കും പക്ഷെ പുനർവിവാഹം അയാളെ കുറ്റവാളിയാക്കുന്നു. സ്ത്രീയായാലും വാസ്തവം തന്നെയാണ്. ഉപേക്ഷിക്കപ്പെട്ട ആണായാലും പെണ്ണായാലും പുനർ വിവാഹത്തിനു അവരുടെ പങ്കാളി ജീവിച്ചിരിക്കുമ്പോൾ അനുവാദമില്ല എന്നാണ് അവരുടെ വാദം. നിരപരാധിയായ ഒരാൾ പങ്കാളിയെ ഉപേക്ഷിച്ചാൽ ആ വ്യക്തി പിന്നീട് ചെയ്യുന്ന പാപത്തിനു ഇയാൾ ഉത്തരവാദിയാകുന്നു എന്നു മനസിലാക്കണം. ഈ വസ്തുത പലരും തിരിച്ചറിയുന്നില്ല എന്നതു ഖേദകരമത്രെ.

ഈ രണ്ടു സന്ദർഭങ്ങളിലും നാം ഒരു നിരപരാധിയെ കാണുന്നു. പരസംഗത്തിൽ ഏർപ്പെടാത്ത ആണായാലും പെണ്ണായാലും ആ വ്യക്തിയെ നാം നിരപരാധി എന്നു വിളിക്കുന്നു. നിരപരാധിത്വം ഉപേക്ഷണത്തിനു വഴിതെളിക്കുന്നു. ദൈവം വിവാഹത്തിനു അനുവാദം കൊടുക്കുന്നു. അതേ സമയം ഉപേക്ഷണം വരുത്തിവെക്കുന്ന പ്രശ്നം അധികം പേരും ശ്രദ്ധിക്കാറില്ല. ഉപേക്ഷിക്കപ്പെട്ട വ്യക്തി കുറ്റവാളി എന്ന നിലയിലും ഉപേക്ഷിക്കുന്ന ആൾ നിരപരാധി എന്നും വിളിക്കാറുണ്ട്.

യേശുക്രിസ്തുവിന്റെ മനസിൽ ഈ നിരപരാധിയായ വ്യക്തിക്കു പുനർ വിവാഹത്തിനു സ്വാതന്ത്ര്യം നൽകുന്നുണ്ട്. അതു വളരെ വ്യക്തമാണ്. അതുകൊണ്ട് ഈ ലേഖനം ഇത്തരക്കാർക്ക് കുടുക്ക് ഇടുന്നതിനു വേണ്ടിയല്ല എന്നു ദയവായി പറഞ്ഞുകൊള്ളട്ടെ. നിര

പരാധിയായ പങ്കാളി കുറ്റം ചെയ്തയാളെ ഉപേക്ഷിക്കുമ്പോൾ ആ വ്യക്തി വിവാഹം കഴിക്കാൻ നിർബന്ധിതമായി തീരുന്നു. അങ്ങനെ സംഭവിക്കുമ്പോൾ അവരെക്കൊണ്ട് പാപം ചെയ്യിക്കുക എന്നു വരരുത്.

സാഹോദര്യ ജീവിതത്തിൽ തടസം നില്ക്കുന്ന മനുഷ്യർ ഉണ്ട്. അങ്ങനെയുള്ളവരെ കുറിച്ച് കർത്താവു പറയുന്നതു: "ഇടർച്ച ഹേതുവായി ലോകത്തിനു അയ്യോ കഷ്ടം; ഇടർച്ച വരുന്നതു ആവശ്യം തന്നേ- എങ്കിലും ഇടർച്ച വരുത്തുന്ന മനുഷ്യനു അയ്യോ കഷ്ടം" (മത്തായി 18:7). ഇതു നമ്മുടെ കുടുംബത്തിനു പുറത്തുള്ള ആളുകളിൽ മാത്രം ബാധിക്കുന്നതാണോ? ഇതു നമ്മുടെ സ്വന്തം കുടുംബത്തിലെ ഭാര്യക്കും ഭർത്താവിനും ബാധകമല്ലോ?

എന്റെ പങ്കാളിയിൽ പരസംഗം എന്ന പാപം കണ്ടെത്തിയാൽ ഞാൻ അതിനെ എങ്ങനെ കൈകാര്യം ചെയ്യും? പരിഗണന കൊടുക്കേണ്ട ഏതാനും കാര്യങ്ങളെ ചുവടെ ചേർക്കുന്നു.

1. ഏറ്റവും ഉചിതവും സ്പഷ്ടവുമായ മാർഗ്ഗം വിശദമാക്കിയിരിക്കുന്നു. "എങ്കിലും ദുർന്നടപ്പു നിമിത്തം ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോരുത്തിക്കു സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രെ അധികാരമുള്ളതു; അങ്ങനെ ഭർത്താവിന്റെ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രെ അധികാരം. പ്രാർത്ഥനക്കു അവസരം ഉണ്ടാവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെയല്ലാതെ വേറുപെട്ടിരിക്കരുത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിനു വീണ്ടും ചേർന്നിരിപ്പിൻ" (1 കൊരിന്ത്യർ 7:2-5). വിവാഹത്തോടുകൂടിയുള്ള അടുത്ത ബന്ധം പിടിച്ചുപറ്റാതിരുന്നാൽ അതു പാപത്തിനു അവസരമുണ്ടാക്കുകയും അതു മറ്റൊരാൾക്കു എതിരായി പ്രവർത്തിക്കയും ചെയ്യുന്നു. പരീക്ഷണത്തിനു വിധേയമായ വ്യക്തിയുടെ പ്രവർത്തിയാൽ തന്റെ പങ്കാളി നേരിടേണ്ടി വരുന്ന അനുഭവത്തെ മനസിലാക്കണം.

2. ഒരു തുണ തന്റെ പങ്കാളിയോടു ക്രൂരമായും കയ്പ്പായും പെരുമാറുന്നു. വിവാഹം കഴിച്ച സ്ത്രീയെ വിട്ട് പരസ്ത്രീകളെ സമീപിക്കുന്നവരെ മൊത്തത്തിൽ നോക്കിയാൽ അവരുടെ ഭാര്യമാർ സൗന്ദര്യമില്ലാത്തവരോ, രോഗികളോ ആകാനാണ് സാധ്യത. ശാരീ

ത്മിക വൈകല്യങ്ങളും ഇതിന്റെ പിന്നിൽ കാരണമായി തീരാറുണ്ട്. പക്ഷെ വിരൂപകളാണെങ്കിലും അവർക്ക് പല നല്ല ഗുണങ്ങളും ഉണ്ട്. അതു തിരിച്ചറിയാനുള്ള ബുദ്ധിയാണ് വേണ്ടതു. തിരിച്ചും ഇതു ബാധകമാണ്. രണ്ടു കൂട്ടരും ശ്രദ്ധയോടെ വേണം ജീവിതം മുമ്പോട്ടു നയിക്കാൻ എന്നർത്ഥം.

നാം വിവാഹം കഴിക്കുമ്പോൾ വികാരങ്ങളെ വൃണപ്പെടുത്തുന്നതും തുറന്നതുമായ ഒരു സമീപനത്തിലേക്കു തിരിയുന്നു. മുമ്പ് ഉണ്ടാകാതിരുന്ന ഒരു മനോഭാവമായി ഇതിനെ കാണാം. അക്കാരണത്താൽ ചിലർക്ക് തങ്ങളുടെ തുണകളേക്കാൾ വൃണപ്പെടുത്തുന്ന സ്വഭാവം കണ്ടെന്നു വരാം നമ്മുടെ പങ്കാളി സ്വയം മനസിലാക്കുന്നതിനേക്കാൾ ആ വ്യക്തിയെ അറിയാൻ ശ്രമിക്കുന്നു. അവരുടെ ബലഹീനതകൾ, ശക്തികൾ, ഭയം, ഉൽകണ്ഠ, പെരുമാറ്റം, സംസാരം എന്നിവയെല്ലാം തുണക്കു അറിയാമല്ലോ. ഞാൻ പറയുന്നതിന്റെ സാരം നിങ്ങൾക്ക് മനസിലാകുന്നുണ്ടല്ലോ.

വിവാഹത്തെ സ്നേഹിക്കുക എന്നതു ഭർത്താവിനായാലും ഭാര്യക്കായാലും അതു ഒരു വികാരത്തിനു വേണ്ടിയല്ല തന്നിരിക്കുന്നത്. മറിച്ച് ഒരു കല്പനയായിട്ടാണ് എന്ന കാര്യം മറക്കരുത്. ഭർത്താക്കന്മാരെ, ക്രിസ്തുവും സഭയെ സ്നേഹിച്ചതുപോലെ നിങ്ങളും ഭാര്യമാരെ സ്നേഹിപ്പിൻ (എഫെസ്യർ 5:25). യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും പുത്രപ്രിയമാരും സുബോധമും പാതിവ്രത്യമുള്ളവരും, വീട്ടുകാര്യം നോക്കുന്നവരും ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പ്പെടുന്നവരും ആയിരിപ്പാൻ നന്മ ഉപദേശിക്കുന്നവരും ആയിരിക്കേണം എന്നും പ്രബോധിപ്പിക്ക.

വിവാഹത്തിന്റെ മാധുര്യം എന്തെന്നാൽ മറ്റൊരാൾ എന്നെ നന്നായി അറിയുകയും സ്നേഹിക്കുകയും ചെയ്യുക എന്നതാണ്. അസന്തുഷ്ടമായ വിവാഹത്തിന്റെ ശാപമെന്തെന്ന് അറിയണ്ടേ? ഒരാൾ എന്നെ നന്നായി മനസിലാക്കിയിട്ട് സ്നേഹത്തിനു പകരം കൈപ്പു പകരുന്നു, ക്രൂരമായി എന്നോടു പെരുമാറുന്നു. ഈ കാരണത്താൽ രണ്ടുപേർക്കും സന്തോഷവും സമാധാനവും നഷ്ടമാകുന്നു.

3. വിവാഹ ബന്ധത്തിലേർപ്പെടുന്ന പങ്കാളി തന്റെ ഇണക്കായി തിരക്കുള്ള ആളായിരിക്കണം. യേശുക്രിസ്തു പറഞ്ഞു: പരസംഗം

ഹേതുവായിട്ടല്ലാതെ ഭാര്യയെ ഉപേക്ഷിക്കുന്നവനെല്ലാം അവളെ കൊണ്ടു വ്യഭിചാരം ചെയ്യിക്കുന്നു. ഉപേക്ഷിച്ചവളെ ആരെങ്കിലും വിവാഹം കഴിച്ചാൽ വ്യഭിചാരം ചെയ്യുന്നു (മത്തായി 5:32).

അവൻ എങ്ങനെയാണ് അവളെക്കൊണ്ട് വ്യഭിചാരം ചെയ്യിക്കുന്നതു? അവൻ എടുത്ത പ്രതിജ്ഞയെ അവഗണിച്ചു എതിരായി പ്രവർത്തിക്കുന്നതുകൊണ്ട്. ഭാര്യയെ ഭർത്താവോ, ഭർത്താവിനെ ഭാര്യയോ കണക്കാക്കാതെ ഉപേക്ഷിക്കയാണെങ്കിൽ തന്റെ പങ്കാളിയെ വേർപ്പെടുത്താൻ ശ്രമിക്കുന്നു എന്നർത്ഥം. നിരന്തരമായ അവിശ്വസ്തത പിന്നീട് അകൽച്ചയായി തീരുന്നു. അതു വളർന്നു വേർപാടിലേക്ക് വഴിതെളിക്കുന്നു. അങ്ങനെ ഒരാൾ മറ്റൊരാളെക്കൊണ്ട് പാപം ചെയ്യിക്കുന്നു.

തൊഴിലില്ലായ്മ അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ നിന്നു വിദൂര സ്ഥലങ്ങളിലേക്ക് ജോലിക്കു പോകുന്നവരുണ്ട്. ദീർഘകാലം അവർക്ക് അവിടെ ജോലി ചെയ്യേണ്ടതായി വരുന്നുവെങ്കിൽ ദയവു ചെയ്തു നിങ്ങളുടെ പങ്കാളിയെ കൂടെ കൊണ്ടുപോകണം. അല്ലെങ്കിൽ ചുരുങ്ങിയ സമയത്തേക്കു മാത്രം പോവുക. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങളുടെ തുണ മറ്റൊരാളെ തേടിയെന്നു വരാം. അതുണ്ടാകാതിരിക്കാൻ ബുദ്ധിയോടെ പ്രവർത്തിക്കണം. നമ്മുടെ കർത്താവ് തന്നിരിക്കുന്ന നിർദ്ദേശം സത്യമായും ഭർത്താക്കന്മാരുടെയും ഭാര്യമാരുടേയും നന്മക്കു വേണ്ടിയാണ്. നമ്മോടു സംസാരിച്ചിരിക്കുന്നതു നാം ശ്രദ്ധിച്ചു മനസിലാക്കി ജീവിക്കണം എന്നു സാരം. (1 കൊരിന്ത്യർ 7:5). വിവാഹത്തെ ഒരിക്കലും നിസാരമായി കാണരുത്. വളരെ ഗൗരവമായി കാണണം.

നല്ല വിവാഹബന്ധവും ജീവിതവും യാദൃശ്ചികമായി ഉണ്ടാവുന്ന ഒന്നല്ല. അതിനു യോജിച്ച സമർപ്പണം അനിവാര്യമാണ്. സ്ഥിരമായ മനസും ക്ഷമാ ശീലവും ഉണ്ടായാലേ വിവാഹജീവിതം അച്ചടക്കത്തോടെ നയിക്കുവാൻ കഴിയു. അന്യോന്യമുള്ള ദമ്പതികളുടെ ബന്ധം അവർക്ക് ശിശുക്കൾ ഉണ്ടാകുമ്പോൾ അവരും അത് കണ്ടു പഠിക്കണം. ആത്മിയമായ ബന്ധവും അങ്ങനെ തന്നെ. ഭാര്യക്കും ഭർത്താവിനും ഈ കാര്യങ്ങളിൽ തുല്യ പങ്കാണ് ഉള്ളത്.

✶

# പാപത്തിനെതിരായ പോരാട്ടൽ

## ജോണി രാംസെ

ആത്മീയ മൂല്യത്തിന് പ്രാധാന്യം കല്പിക്കാത്ത ജനങ്ങൾ അധികമുള്ള കാലയളവ് എന്നുമുണ്ടല്ലോ. ആളുകളുടെ വികാര വിചാരങ്ങൾ എന്നും ഇതിനെ സ്ഥിരീകരിച്ചുകൊണ്ടാണ് ഇരിക്കുന്നതു. ആത്മീയത ആളുകളുടെ മനസിൽ കുറഞ്ഞുവരുവാനുള്ള നാലു കാരണങ്ങൾ പഴയ നിയമ പ്രവാചകനിലൂടെ വെളിപ്പെടുത്തിയിട്ടുണ്ട്. ദൈവം ജനത്തോട് ഭാരമുള്ളതൊന്നും ചെയ്യാൻ പറഞ്ഞിരുന്നില്ല. ദൈവം പറഞ്ഞതു: എന്റെ വാക്കു കേട്ടനുസരിപ്പിൻ; എന്നാൽ ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്ക് ജനമായും ഇരിക്കും. നിങ്ങൾ നന്നായിരിക്കേണ്ടതിന് ഞാൻ നിങ്ങളോട് കല്പിച്ചിട്ടുള്ള വഴികളിലൊക്കെയും നടപ്പിൻ എന്നായിരുന്നു. എന്നാൽ അവർ അനുസരിക്കയോ ശ്രദ്ധിക്കയോ ചെയ്യാതെ തങ്ങളുടെ ദുഷ്ടഹൃദയത്തിന്റെ ആലോചനയിലും ദുശ്ശാഠ്യത്തിലും നടന്നു. മുമ്പോട്ടല്ല; പുറകോട്ടുതന്നേ പൊയ്ക്കളഞ്ഞു (യിരെമ്യാവ് 7:23,24).

മനുഷ്യർ പാപത്തോടു പോരാടുന്നതു നിർത്തുമ്പോൾ അവർ നരകത്തിന്റെ നായകനു അടിയറവു പറയുന്നു. പിശാചിനു കീഴ്പ്പെട്ട് അടിമകളായി മാറുകയാണ് അവർ. വളരെ എളുപ്പത്തിൽ ആളുകൾ പിശാചിനു ഇരയായി തീരുന്നുണ്ട്. ദൈവത്തോടു അടുക്കുവാനായി ആളുകൾ വളരെ പ്രയാസപ്പെടുകയും ചെയ്യുന്നു. പാപത്തെ അതിജീവിക്കുന്നതു ആളുകൾ വിട്ടുകളയുന്നതു എന്തുകൊണ്ടാണ് എന്ന് ചിന്തിച്ചിട്ടുണ്ടോ? തുറന്ന മനസോടെ ഓരോരുത്തരും ഇതു മനസിലാക്കേണ്ടതാണ്. തെറ്റിനോട് എതിർക്കുവാനുള്ള ശക്തി നഷ്ടപ്പെടുന്നതു എന്തു കൊണ്ടാണ്? ഭൂരിപക്ഷം ആളുകളും അങ്ങനെ ചെയ്യുന്നുണ്ടല്ലോ എന്ന ന്യായീകരണം ഉന്നയിക്കുന്നവർ ഉണ്ട്. പക്ഷെ അതു ഒഴിഞ്ഞു മാറുവാനുള്ള തന്ത്രം മാത്രമാണ്. മുഖ്യമായ കാരണം സുവ്യക്തമാണ്. പാപം ചെയ്യുമ്പോൾ താല്ക്കാലികമായി അനുഭവപ്പെടുന്ന സുഖം അവർ ഇഷ്ടപ്പെടുന്നു. പ്രാകൃത മനസുള്ള വ്യക്തി, വെളിച്ചത്തിൽ വസിക്കുന്ന വിശുദ്ധരുമായി സഹവാസം ചെയ്യുവാനല്ല: പിന്നെയോ ദുഷ്ടന്മാരുമായിട്ടാണ് കൂട്ടുകൂടുവാൻ ആഗ്രഹിക്കുന്നത്. ജീവകാലത്തിന്റെ പരിപാവനതയെക്കാൾ അവർ ഇഷ്ട

പ്പെടുന്നതു പാപത്തിന്റെ ഫലമാകുന്ന ലജ്ജയും കയ്പേറിയ അനന്തര ഫലവുമാണ്. പാപത്തെ ഉപേക്ഷിക്കുക എന്നത് ഏറ്റവും വലിയ അസൗകര്യമായി പിശാച് അവരെ തോന്നിപ്പിക്കുന്നു. പാപത്തിന്റെ സുഖവും സുഖത്തിനുവേണ്ടിയുള്ള പാപവും ആളുകളുടെ സിരകളിൽ അലിഞ്ഞു ചേർന്നിരിക്കുന്നതായി തോന്നുന്നു. ഒരിക്കൽ സമൂഹത്തിൽ വിരളമായി കേട്ടിരുന്ന തെറ്റുകൾ ഇന്നു സാധാരണ സംഭവമായി തീർന്നിരിക്കുന്നു. തെറ്റു ചെയ്യുവാൻ ആളുകൾക്കു യാതൊരു വൈമനസ്യവും കാണുന്നില്ല.

ലൗകിക കാഴ്ചപ്പാടുകൾ ഉള്ളവർ തങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾ നിറവേറ്റുന്നതിൽ തൽപരരാണ്. ആ വ്യഗ്രതയിൽ അവർ തിന്മകൾ പ്രവർത്തിക്കാൻ പ്രേരിതരാകുന്നു. ചെയ്യരുതെന്ന് ആഗ്രഹമുള്ള കാര്യങ്ങൾ ചെയ്തു പോകുന്നു. അവരുടെ മനസാക്ഷി മുരടിച്ചു പോയി എന്നു പറഞ്ഞു കേൾക്കാറില്ലേ? വാസ്തവത്തിൽ അങ്ങനെ സംഭവിച്ചു പോയി. സുഖലോലുപതക്കായി അവർ അരുതാത്തതു പ്രവർത്തിക്കുകയാണ്. തിന്മയോട് പൊരുതുവാനുള്ള ശക്തി സംഭരിക്കുവാൻ ലോക സുഖം കൈവെടിയണം. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവാനുള്ള മനസ് ഉണ്ടെങ്കിൽ അതിനു കഴിയും. പുതിയ ജീവിതത്തിലേക്ക് തിരിയുന്ന ഏതൊരു വ്യക്തിയും പാപത്തോട് പോരാടേണ്ടിവരും. ജഡത്തിന്റെ ഇച്ഛകളെ ഉപേക്ഷിക്കുവാൻ സ്വയം തീരുമാനം എടുക്കണം.

ലോകത്തിൽ കോടിക്കണക്കിന് ആളുകൾ പാപത്തോട് പാപം കൂട്ടികൊണ്ടിരിക്കയാണ്. ആദ്യം ചെറിയ തോതിൽ തുടങ്ങുകയും പിന്നീട് വർദ്ധിച്ചു വരികയും ചെയ്യുന്നു. സൂത്രശാലിയാണ് പാപമെന്നു പറയാം. മനുഷ്യനെ കെണിയിൽ അകപ്പെടുത്തി ചതിക്കുകയാണ് ചെയ്യുന്നത്. അവസാനം അതിൽ മുങ്ങി മുങ്ങി നശിക്കുവാൻ ഇടയാകുന്നു. ശാരീരികമായി വ്യഭിചാരം ചെയ്യുന്നവരും ആത്മീകമായി വ്യഭിചാരം ചെയ്യുന്നവരും ലോകത്തിൽ ഉണ്ട്. അന്യപുരുഷന്റെ അടുക്കൽ പോകുന്ന ഭാര്യയും അന്യ സ്ത്രീയുടെ അടുക്കൽ പോകുന്ന ഭർത്താവും വ്യഭിചാരം പ്രവർത്തിക്കുന്നു. “ഞാനല്ലാതെ അന്യ ദൈവം നിങ്ങൾക്കുണ്ടാകരുത്” എന്നു ദൈവം കല്പിച്ചിരിക്കുന്നു. പക്ഷെ മനുഷ്യർ ജീവനുള്ള ദൈവത്തെ ഉപേക്ഷിച്ച് ജീവനില്ലാത്തവയെ ദൈവം എന്നു നിരൂപിക്കുന്നു. ഇതു ആത്മീയ

മായ വ്യഭിചാരമാണ് അവർ തങ്ങളുടെ ജഡീകബുദ്ധിയോടു പോരാടുന്നില്ല. യഥാർത്ഥ ദൈവത്തിങ്കലേക്ക് അവർ തിരിയണം.

ജഡത്തിനു മാത്രം അവസരം കൊടുത്തതുകൊണ്ട് സ്വന്തം ഇഷ്ടമനുസരിച്ച് പാപത്തിൽ രസിക്കുന്നവരെ കുറിച്ച് ഓർക്കുമ്പോൾ നമുക്ക് സഹതപിക്കാനേ കഴിയുന്നുള്ളു. അവർക്ക് വരാൻ പോകുന്ന ശിക്ഷാവിധിയെ കുറിച്ച് ചിന്തിക്കുമ്പോഴാണ് ഭയം. അവർ ശിക്ഷയെ കുറിച്ച് ബോധവാന്മാരല്ല. അതുകൊണ്ടാണ് അതിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കാത്തത്. അഗാധ ഗർത്തത്തിൽ വീണു കഴിഞ്ഞ ഒരാൾ അതിൽ നിന്നു രക്ഷപ്പെടാൻ പറ്റുമോ എന്നു നോക്കും. കാരണം അല്ലെങ്കിൽ അയാൾ അവിടെ കിടന്നു മരിച്ചു പോകും. പാപത്തിന്റെ ശമ്പളം മരണമെന്ന സത്യ വസ്തുത അവർ അറിഞ്ഞിരുന്നെങ്കിൽ പാപ വഴി അവർ ഉപേക്ഷിക്കുമായിരുന്നു.

ഇരുട്ടിന്റെ നിഷ്ഫലമായ പ്രവൃത്തികളിൽ കൂട്ടാളികൾ ആകരുത് അവയെ ശാസിക്കയത്രെ വേണ്ടത്. അവർ ഗൂഢമായി ചെയ്യുന്നതു പറവാൻ പോലും ലജ്ജയാകുന്നു. അവയെ ശാസിക്കുമ്പോഴോ സകലത്തെയും കുറിച്ച് വെളിച്ചത്താൽ ബോധം വരുന്നതെല്ലാം വെളിച്ചം പോലെ തെളിവല്ലോ. സകലവും ശോധന ചെയ്തു നല്ലതു മുറുകെ പിടിപ്പിൻ. സകല വിധ ദോഷവും വിട്ടകലുവിൻ (എഫെസ്യർ 5:11; 1 തെസലൊനിക്യർ 5:22). ഈ വചനങ്ങൾ നാം അക്ഷരം പ്രതി അനുസരിച്ചാൽ പാപ പ്രശ്നം നമ്മെ കീഴ്പ്പെടുത്താതിരിക്കും. തെറ്റിനോട് കൂട്ടു കൂടരുത്; അവയെ ശാസിക്കയാണ് വേണ്ടത്. ദോഷം വിട്ടോടുവാനാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്തുവിന്റെ നാമം ധരിച്ചിരിക്കുന്ന യഥാർത്ഥ ക്രിസ്ത്യാനികൾ അകൃത്യം വിട്ടകലുന്നു. സൗകര്യത്തിനു വേണ്ടി വിട്ടുവീഴ്ച്ച ചെയ്യുന്ന ആളുകൾ പിന്നീട് കർത്താവിൽ നിന്നകന്നു വിശ്വാസ ത്യാഗത്തിലേക്ക് നീങ്ങുന്നു. പിശാചിനോട് നാം എതിർത്തു നിന്നില്ലെങ്കിൽ അവൻ ഒരിക്കലും നമ്മെവിട്ട് ഓടി പോകയില്ല.

പരീക്ഷണങ്ങൾ നേരിടുമ്പോൾ അതിൽ നിന്ന് ഒഴിഞ്ഞു മാറുവാൻ ദൈവം നീക്കുപോക്കു ഒരുക്കും എന്ന വാഗ്ദാനം നമ്മുടെ ഹൃദയത്തിനു ചൂടേകുന്ന ഒരു വെല്ലുവിളി ഉയർത്തുവാൻ സഹായകരമല്ലേ? 1 കൊരിന്ത്യർ 10-ാം അദ്ധ്യായത്തിൽ ദൈവ ജനത്തിനു സംഭവിച്ച താഴ്ച്ചയും വീഴ്ച്ചയും ദൈവശ്വാസീയമായി പൗലൊസ്

രേഖപ്പെടുത്തിയിരിക്കുന്നു. അവരോ നമ്മളോ ദൈവത്തിൽ നിന്നും അകന്നു പോകേണ്ട ആവശ്യമില്ല. സ്വർഗ്ഗീയ പ്രഭു നമ്മുടെ ഹൃദയങ്ങളിൽ വസിക്കാൻ തുടങ്ങുമ്പോൾ അവന്റെ തേജസിന്റേയും കൃപയുടേയും സമ്പത്ത് നമുക്ക് അനുഭവിക്കാൻ കഴിയും. ലോകത്തിൽ ഉള്ളവനേക്കാൾ ശക്തിശാലിയാണ് നമ്മളിൽ ഉള്ളവൻ. അവൻ ലോകത്തെ ജയിച്ചിരിക്കയാൽ നമുക്കും അവൻ ജയം നൽകും.

പാപതല്പരർ അതിന്നു കൊടുക്കേണ്ടി വരുന്ന വില ഏറ്റവും വലുതാണ്. അവരുടെ ബുദ്ധിയിൽ അതു തെളിവാകുന്നില്ല. മഹത്വകരമായ ക്രിസ്ത്യാനിത്വത്തിന്റെ പറഞ്ഞറിയിക്കാൻ പറ്റാത്ത സന്തോഷം അവർ നഷ്ടമാക്കുന്നു.

✶

## മാറണോ അതോ മരിക്കണോ?

### ആൽ ബ്രൗൺ

ജീവിത നൈരാശ്യം മൂത്ത് ലോലഹൃദയൻ ഒരിക്കൽ ആത്മഹത്യക്കായി ഒരുങ്ങി. ചീറിപായുന്ന ട്രെയിനിന്റെ മുമ്പിൽ ചാടി മരിക്കാമെന്ന ചിന്തയോടെ പോയി. പോകുന്ന വഴിയിൽ അദ്ദേഹത്തിനു ഒരു ചെറിയ ലഘുലേഖ വഴിയിൽ കിടന്നു കിട്ടി. അതു മുഴുവൻ ശ്രദ്ധയോടെ വായിച്ചു. വായിച്ചു കഴിഞ്ഞപ്പോൾ അയാൾക്ക് ഒരു ചിന്താകുഴപ്പം സംഭവിച്ചു. ജീവിതത്തിൽ മാറ്റമാണോ ആവശ്യം അതോ മരണമാണോ ആവശ്യം എന്നായിരുന്നു അതിലെ ചോദ്യം. ജീവിതത്തെ മാറ്റിയാൽ മരണമില്ലാതെ ജീവിക്കാമെന്നു എഴുതിയ വരികൾ അയാളെ വല്ലാതെ ചിന്തിപ്പിച്ചു. ഒടുവിൽ അയാൾ ജീവിത ശൈലി മാറ്റി ജീവിക്കാൻ തീരുമാനിച്ചു.

സ്വാതന്ത്ര്യത്തിന്റെ പേരിലുള്ള അവിശ്വാസം അതിനെത്തന്നെ പല രീതികളിൽ ഒറ്റികൊടുക്കുന്നുണ്ട്. ഇന്നു ചില ആളുകൾ ബൈബിൾ ദൈവശ്വാസീയമെന്നു വിശ്വസിക്കയും പറയുകയും ചെയ്യുന്നുണ്ടെങ്കിലും ബൈബിൾ പറയുന്ന ദൈവശ്വാസീയത്തിന്റെ അടുത്തു പോലും അവർ എത്തുന്നില്ല. ഒരു വ്യക്തി തെറ്റായ വഴി

യിൽ സഞ്ചരിക്കുന്നുവെങ്കിൽ അയാൾക്കു മാറ്റം അനിവാര്യമാണ്. തെറ്റായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു ഇടവകയുണ്ടെങ്കിൽ അതിനു മാറ്റം ആവശ്യമാണ്. വെളിപ്പെടുത്തപ്പെട്ട ദൈവജ്ഞാനത്തിലുള്ള അജ്ഞതകൊണ്ടോ അവഗണനകൊണ്ടോ അങ്ങനെ സംഭവിക്കുന്നു. പ്രതിവിധിയാണ് മാറ്റം. മാറ്റമില്ലാത്ത വചനം സ്ഥിരമായി ഇന്നും നിൽക്കുന്നതു മനുഷ്യരുടെ നന്മക്കായിട്ടാണ്. മനുഷ്യർ തിന്മയെ തിരഞ്ഞെടുത്തു മോശമായി ജീവിക്കുമ്പോൾ അവർ മാറണമെന്ന് ദൈവം അവരോട് പ്രബോധിപ്പിക്കുന്നു. അതിനു തയ്യാറാകാത്തവർ മരണത്തിനു ഇരയായി തീരുന്നു.

ബൈബിൾ ഒരു മാനുഷിക ഉല്പന്നമായിരുന്നുവെങ്കിൽ ആളുകളുടെ ന്യായവാദങ്ങൾ സമ്മതിക്കാമായിരുന്നു. പക്ഷെ മാനുഷ്യ ബുദ്ധി പരിമിതമാണ്. എല്ലാ കാലത്തേക്കും എല്ലാ തലമുറകൾക്കും ഏതു തരക്കാർക്കും ജീവിക്കുന്നതിനു യോജിച്ച ഒരു സഹായി രൂപപ്പെടുത്താൻ മനുഷ്യനാൽ അസാദ്ധ്യം തന്നെ. പൂർണ്ണമായ ജീവിതത്തിന് വേണ്ട ഒരു മാതൃകാ ഘടന ഒരു തലമുറക്കെങ്കിലും ജീവിക്കാനുതകുന്ന വിധത്തിൽ ഉണ്ടാക്കുക പ്രയാസമാണ്. ഇരുപതാം നൂറ്റാണ്ടിലെ സാമൂഹ്യ ശാസ്ത്ര ഗവേഷകന്മാർ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ യോജിച്ച് പരിശ്രമിച്ചു എങ്കിലും എങ്ങനെ നല്ല ജീവിതം നയിക്കാമെന്നതിനെ സംബന്ധിച്ചു അനുയോജ്യമായ ഒരു തീർപ്പിൽ എത്തുവാൻ കഴിഞ്ഞില്ല. ഈ കാര്യത്തിൽ അവർക്കു യാതൊരു സംഭാവനയും നൽകാൻ കഴിഞ്ഞില്ല.

മതപരമായ പ്രമാണങ്ങളോടുള്ള മനുഷ്യന്റെ ഉൾക്കാഴ്ചയും പ്രതിബദ്ധതയും നാം ഗൗരവമായി പരിശോധിച്ചാൽ സമൂഹം ദ്രവിച്ചുകൊണ്ടിരിക്കുന്നു എന്നു പറയാം. കാരണം അവരുടെ മതപരവും ധാർമ്മികവുമായ കാര്യങ്ങളിൽ വർഗ്ഗീയതയും സ്വജന പക്ഷവാദവും ഉയർന്നു നിൽക്കുന്നു. മനുഷ്യൻ എന്തു വിതെക്കുന്നു; അതാണല്ലൊ കൊയ്യുന്നതു. കുറ്റങ്ങൾ നമ്മെ മൂടിക്കൊണ്ടിരിക്കുന്നു. കോടതികൾ നിസഹായത പുലർത്തുന്നു. നിയമപാലകർക്കു സംരക്ഷണം വരുത്തുവാൻ പറ്റാത്തതുകൊണ്ട് കയ്യൂക്കുള്ളവൻ കാര്യക്കാരൻ ആയി മാറുന്നു. മനുഷ്യർക്ക് മാറ്റം അനിവാര്യമാണ്. അതിനു വേണിയാണ് മാറ്റമില്ലാത്ത വചനം നൽകിയിരിക്കുന്നത്.
(ശേഷം 29-ാം പേജിൽ നോക്കുക)

*Watch!*

# SATHYANADAM

# TV PROGRAME

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

അതുകൊണ്ട് കൂലിത്തല്ലും, അക്രമവും, പിടിച്ചു പറിയും ഗുണ്ടായിസവും വർദ്ധിച്ചു വരുന്നു. മദ്യവും, മയക്കുമരുന്നും യഥേഷ്ടം വില്ക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നു. വ്യഭിചാര കുറ്റങ്ങൾ അനുദിനം ഏറി വരുന്നു. വിവാഹമോചനങ്ങൾ കൂടിക്കൊണ്ടിരിക്കയാണ്. കുട്ടികളെ നിന്ദിക്കുകയും പീഢിപ്പിക്കുകയും ചെയ്തുവരുന്നു. കൊലപാതകങ്ങളുടെ എണ്ണം പെരുകി വരുന്നു. തടവിൽ കുറ്റവാളികൾ നിറഞ്ഞു കവിയുന്നു. തീവ്രവാദികളുടെ കാര്യം പറയാനുമില്ല. നീതി ജാതിയെ ഉയർത്തുന്നു എങ്കിൽ പാപമോ അപമാനം വരുത്തുന്നു (സദൃശവാക്യങ്ങൾ 14:34).

മനുഷ്യ മനഃസാക്ഷി മരവിച്ചുകൊണ്ടിരിക്കയാണ്. സംസ്ക്കാരം എത്രയോ ഉയർന്നു എന്നാണ് ചിലർ പാടി പുകഴ്ത്തുന്നതു. പക്ഷെ വാസ്തവത്തിൽ മാനവസംസ്ക്കാരം ഇന്നു അധഃപ്പതനത്തിന്റെ പാതയിലാണ്. സഹോദരനെയും സഹോദരിയെയും, മാതാപിതാക്കളേയും മക്കളേയും തിരിച്ചറിയാൻ കഴിയാത്ത അവസ്ഥയിൽ താഴ്ന്നുപോയിരിക്കുകയാണ് ആളുകളുടെ ജീവിതം. മതത്തിലായാലും, ധാർമ്മികതയിൽ ആയാലും, വ്യാപാരങ്ങളിലോ, കലയിലോ ഏതു മേഖലയിലായാലും സ്ഥിതി വളരെ പരിതാപകരം തന്നെയാണ്.

നമുക്കു ചുറ്റും അറിയപ്പെടുന്ന നാമധേയ വിഭാഗങ്ങൾ എല്ലാം തന്നെ ക്രിസ്തുവിനെ മുറുകെ പിടിക്കയും അവന്റെ ഉപദേശങ്ങളെ കാറ്റിൽ പറത്തുകയും ചെയ്തിരിക്കയാണ്. പാരമ്പര്യത്തെയും മനുഷ്യരുടെ കല്പനകളെയും ആചരിച്ചുകൊണ്ട് തങ്ങൾ ക്രിസ്ത്യാനികളെന്നു അവർ അവകാശപ്പെടുന്നു. അവർ ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പ്പെടാതെ ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു വെറുതെ പറയുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ധാർമ്മികതയെയും പുതിയനിയമ പ്രസക്തിയെയും ഇല്ലായ്മ ചെയ്യുന്നവരാണ് അവർ. ചിലർ പുതിയ നിയമ പരിജ്ഞാനത്തെ മാനുഷികമെന്ന ധാരണയിൽ അവഗണിച്ചിരിക്കയാണ്.

മാനുഷിക ശ്രമങ്ങൾ എല്ലാം മാറിക്കൊണ്ടിരിക്കുന്നു. കാലോചിതമായ മാറ്റങ്ങൾ അതിനു വേണ്ടി വരുന്നു. കാരണം മനുഷ്യന്റെ അറിവിനു പരിമിതികളുണ്ട്. തികവില്ലാതെ ജീവിതം നയിക്കുന്നവർ തികവിലേക്ക് നീങ്ങേണ്ടി വരും.

✱

കേൾക്കുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കേൾക്കുക!